ജില്ല	കുട്ടികളുടെ എണ്ണം
തിരുവനന്തപുരം	1,35,062
കൊല്ലം	1,31,276
പത്തനംതിട്ട	47,279
ആലപ്പുഴ	1,01,727
ഇടുക്കി	55,174
കോട്ടയം	89,559
എറണാകുളം	1,33,386
തൃശ്ശൂർ	1,67,582
പാലക്കാട്	1,81,589
മലപ്പുറം	2,71,817
കോഴിക്കോട്	1,60,114
വയനാട്	55,157
കണ്ണൂർ	1,31,375
കാസർഗോഡ്	75,199
ആകെ	17,36,296

എസ്. സി. ഇ. ആർ. ടി. 2005-06-ൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

28 [1535] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) എസ്. സി. ഇ. ആർ. ടി. 2005-06-ൽ നടത്താനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി തലത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എസ്. സി. ഇ. ആർ. ടി. ഏറ്റെടുത്തിട്ടുണ്ടോ;

(സി) അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി എസ്. സി. ഇ. ആർ. ടി. 2005-06-ലേക്ക് എന്തെല്ലാം പരിപാടികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005-2006-ൽ എസ്. സി. ഇ. ആർ. ടി. നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു:

1. 12-ാം തരത്തിലെ പാഠ്യപദ്ധതി പരിഷ്കരണം, പാഠപുസ്തക നിർമ്മാണം, സോഴ്സ് ബുക്ക് നിർമ്മാണം.

2. 11-ാം തരത്തിലെ അദ്ധ്യാപക പരിശീലനം. 22,000-ത്തോളം അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നു. ഹയർ സെക്കൻറി, വൊക്കേഷണൽ ഹയർ സെക്കൻറി, ടെക്നിക്കൽ ഹയർ സെക്കൻറി മേഖലയിലെ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതാണ്.

3. വൊക്കേഷണൽ ഹയർ സെക്കൻറി, ടെക്നിക്കൽ ഹയർ സെക്കൻറി മേഖലകളിൽ വൊക്കേഷണൽ വിഷയങ്ങൾക്കുള്ള സോഴ്സ് ബുക്ക് നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

4. ഹൈസ്കൂൾ തലത്തിൽ ഗണിതശാസ്ത്രപഠനം നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച സമഗ്രമായ ഒരു പഠനം നിർവ്വഹിക്കുന്നതാണ്. പഠനത്തിന്റെ അടിസ്ഥാനത്തിൽ ഗണിത അദ്ധ്യാപകർക്ക് പരിശീലനവും നൽകുന്നതാണ്.

5. ഹൈസ്കൂൾ തലത്തിലെ സഹ വൈജ്ഞാനിക മേഖലയെ സംബന്ധിച്ച സോഴ്സ്ബുക്ക് പരിഷ്കരണം നിർവഹിക്കുന്നതാണ്. ഇതനുസരിച്ച് സഹവൈജ്ഞാനികയിലെ മാറ്റങ്ങൾ സംബന്ധിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതുമാണ്.

6. പത്താം തരത്തിൽ 13 പേപ്പറുകൾക്ക് പകരം 9 പേപ്പറുകൾ അടുത്ത അദ്ധ്യയനവർഷം മുതൽ നടപ്പാക്കുന്നുണ്ട്. ഇതനുസരിച്ച് വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതാണ്.

7. 12-ാം തരത്തിലെ അദ്ധ്യാപക പരിശീലനം.

8. ടി. ടി. സി. കരിക്കുലം പരിഷ്കരണം. മാറിയ ടി. ടി. സി. കരിക്കുലം അനുസരിച്ച് അദ്ധ്യാപകർക്കുള്ള പരിശീലനം.

9. എൽ. ടി. ടി. കരിക്കുലം പരിഷ്കരണം.

10. നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് 2005 സംബന്ധിച്ച സംസ്ഥാനതല സെമിനാറുകൾ.

11. പുതിയ പാഠ്യപദ്ധതി വിനിമയം സംബന്ധിച്ച് ഗവേഷണ പഠനങ്ങൾ.

(ബി) ഉണ്ട്.

(സി) അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി എസ്. സി. ഇ. ആർ. ടി. 2005-2006-ലേക്ക് ചുവടെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പ്രൈമറിതല പരിശീലനം:—6, 7 ക്ലാസ്സുകളിലെ പാഠ പുസ്തകങ്ങളുടെ മാറ്റം വ്യാപനം ചെയ്യുന്നതിന്റെ ഭാഗമായി എസ്. ആർ. ജി., ഡി. ആർ. ജി. ഗ്രൂപ്പുകളുടെ പരിശീലനം എസ്. സി. ഇ. ആർ. ടി. പൂർത്തിയാക്കുകയുണ്ടായി. പരിശീലകരെ ഉപയോഗിച്ച് അദ്ധ്യാപക പരിശീലനം നിർവ്വഹിക്കുന്നതിന് എസ്. എസ്. എ. മുഖാന്തിരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. സെക്കൻററി തലം:—സെക്കൻറി തലത്തിൽ പുതിയ പാഠ്യ പദ്ധതിയുമായി ബന്ധപ്പെടുത്തി ഒരു പരിശീലനവും ലഭിച്ചിട്ടില്ലാത്ത അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി എസ്. ആർ. ജി., ഡി. ആർ. ജി. പരിശീലനങ്ങൾ പൂർത്തിയാക്കി. ഡി. ഇ. ഒ. മാർ വഴി ജില്ലാതലത്തിൽ ഇതുമായി ബന്ധപ്പെട്ട സെക്കൻററിതല അദ്ധ്യാപക പരിശീലനം നടന്നുവരുന്നു.

3. ഹയർ സെക്കൻററി അദ്ധ്യാപക പരിശീലനം:—ഹയർ സെക്കൻററിയിലെ മുഴുവൻ അദ്ധ്യാപകരെയും പരിശീലിപ്പിക്കുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly